പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 230 — 23.01.2018-ൽ മറുപടിക്ക്

## വയനാട് ചുരത്തിലെ ഗതാഗത തടസ്സം

| ചോദ്യം<br>ശ്രീ. സി.കെ. ശശീന്ദ്രൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ചുരം റോഡിൽ നിരന്തരമായി ഉണ്ടാകുന്ന ഗതാഗത തടസ്സം പൊതുജനങ്ങൾക്കും മെഡിക്കൽ കോളേജ് ഉൾപ്പെടെ കോഴിക്കോട് ഭാഗത്തേയ്ക്ക് യാത്ര ചെയ്യുന്ന രോഗികൾക്കും പ്രയാസം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ). | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വയനാട് ചുരത്തിലെ ഗതാഗത തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (ബി). | ചുരത്തിൽ കേടുപാടുകൾ വന്ന സ്ഥലങ്ങളിൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തി വരുന്നു. ചുരത്തിലെ മുടിപ്പിൻ വളവുകളിൽ പര്യാപ്തമായ വീതിയില്ല. വീതി കൂട്ടാനുള്ള വനഭൂമി വനം വകുപ്പിൽ നിന്നും വിട്ടു കിട്ടുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്.<br>ചുരത്തിൽ സ്ഥിരമായ ഗതാഗത നിയന്ത്രണം ആവശ്യമാണ്. ഇപ്പോൾ മൾട്ടി ആക്സിൽ, ഭാരം കൂടിയ വാഹനം എന്നിവ നിയന്ത്രിച്ചിട്ടുണ്ട്. 2, 4, 9 വളവുകളിൽ ആവശ്യമായ വീതിയുണ്ട്. മറ്റ് സ്ഥലങ്ങളിൽ ആവശ്യമായ വനഭൂമി ലഭ്യമാകുമ്പോൾ 3, 5 എന്നീ വളവുകളിൽ നിലവിലുള്ള പ്രവൃത്തിയായും 1, 6, 7, 8 വളവുകളിൽ കേന്ദ്ര ഫണ്ട് ലഭ്യമാവുന്ന മുറയ്ക്കും വീതി കൂട്ടി ഗതാഗത സജ്ജമാക്കും. |
| (സി) | വയനാട് ചുരം റോഡിന് ബദലായി പടിഞ്ഞാറത്തറ — പൂഴിത്തോട് , മേപ്പാടി-ചൂരൽമല- ആനക്കാംപൊയിൽ എന്നീ റോഡുകൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) | . പടിഞ്ഞാറത്തറ — പൂഴിത്തോട് റോഡ് കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് നിന്നും ആരംഭിച്ച് പെരുവണ്ണാമൂഴി പൂഴിത്തോട് വഴി വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ എത്തിച്ചേരുന്ന നിർദ്ദിഷ്ട വയനാട് ബദൽ റോഡിന് ആകെ 43.975 കി.മി നീളമാണുള്ളത്. ഇതിൽ കടിയങ്ങാട് പൂഴിത്തോട് വരെയുള്ള 16.750 കി.മീ. നീളം വാഹന ഗതാഗത |

യോഗ്യമാണ്. ബാക്കി കോഴിക്കോട് ജില്ലയിൽ 8.885 കി. മീറ്ററും വയനാട് ജില്ലയിൽ 18.34 കി. മീറ്ററുമാണ് ഉള്ളത്. കോഴിക്കോട് ജില്ലയിലെ 8.885 കി.മീ നീളമുള്ളതിൽ ആദ്യത്തെ 3.25 കി.മീ സ്വകാര്യ ഭൂമിയിലൂടെയും ബാക്കി ദൂരമായ 5.675 കി.മീ വനഭൂമിയിലൂടെയുമാണ് കടന്നു പോകുന്നത്. വയനാട് ജില്ലയിൽ 11.115 കി.മീ റിസർവ് വനത്തിലൂടെയാണ് കടന്നു പോകുന്നത്. അതിനാൽ വയനാട് ചുരം റോഡിന് ബദലായുള്ള പടിഞ്ഞാറത്തറ – പൂഴിത്തോട് റോഡ് യാഥാർത്ഥ്യമാകാൻ ആകെ 16.79 കി.മീ ദൂരം (23.50 ഹെക്ടർ) വനഭൂമി ലഭ്യമാക്കേണ്ടതുണ്ട്.

മേപ്പാടി- ചൂരൽമല- ആനക്കാംപൊയിൽ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി 2016-17 കിഫ്ബിയിൽ G.O(Rt)No.1502/2016/PWD തീയതി 01.11.2016 പ്രകാരം 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാതയ്ക്ക് വേണ്ടി പാലവും, 6.50 കി.മീ തുരങ്ക പാതയും, 17 കി.മീ റോഡും നിർമ്മിക്കേണ്ടതുണ്ട്. തുരങ്കപാതയുടെ സാദ്ധ്യതാ പഠനത്തിന് കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

S. Bindu

സെക്ഷൻ ഓഫീസർ